Draft #2 of File 99160/ACA15 SO/2025/AC A15 Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Mar-2026 08:30 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പിഎച്ച്ഡി പ്രോഗ്രാം -അഫിലിയേറ്റഡ് കോളേജുകളിലെ 2024 പ്രവേശനവർഷം മുതലുള്ള ഗവേഷകരുടെ പിഎച്ച്ഡി കോഴ്സ് വർക്ക് പരീക്ഷാ നടത്തിപ്പ് ചുമതലകൾ അതത് ഗവേഷണ കേന്ദ്രങ്ങൾക്ക് നൽകുന്നത് സംബന്ധിച്ചുള്ള തുടർനിർദേശങ്ങൾ - അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 15 സെക്ഷൻ**

നമ്പർ. 3424/AC A15/2026/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 28.03.2026

---

*പരാമർശം:*-സർവകലാശാല ഉത്തരവ് നമ്പർ. 2316/AC A15/2026/എം.ജി.യു , തീയതി 03.03.2026

**<u>ഉത്തരവ്</u>**

2024 പ്രവേശനവർഷം മുതൽ അഫിലിയേറ്റഡ് കോളേജുകളിലെ പിഎച്ച്ഡി കോഴ്സ് വർക്ക് പരീക്ഷാ നടത്തിപ്പ് (കോഴ്സ് I, കോഴ്സ് II, കോഴ്സ് IV) ചുമതലകൾ അതത് ഗവേഷണ കേന്ദ്രങ്ങൾക്ക് നൽകുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. കോഴ്സ് III പരീക്ഷാ നടത്തിപ്പ് ചുമതലകൾ നിലവിൽ അതത് ഗവേഷണ കേന്ദ്രങ്ങൾ തന്നെയാണ് നിർവ്വഹിക്കുന്നത്.

കോഴ്സ് വർക്ക് പരീക്ഷയോട് അനുബന്ധിച്ചുള്ള ജോലികൾ പുനഃ ക്രമീകരിക്കുന്നതിലേക്കായി ചുവടെ ചേർക്കുന്ന ശിപാർശകൾ ബഹു വൈസ് ചാൻസലറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

1. 2024 അഡ്മിഷൻ ഗവേഷകരുടെ കോഴ്സ് വർക്ക് പരീക്ഷ മുതൽ, താഴെ ചേർക്കുന്ന ശിപാർശകൾ നടപ്പിൽ വരുത്തേണ്ടതാണ്.
2. പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ എസി എ 15 സെക്ഷൻ തന്നെ തുടർന്നും നിർവഹിക്കേണ്ടതാണ്.
3. അതത് വർഷം കോഴ്സ് വർക്ക് പരീക്ഷ നടക്കേണ്ട ഗവേഷണ കേന്ദ്രങ്ങൾ ഉൾപ്പെട്ട കോളേജുകളുടെ ഇ-മെയിൽ വിലാസം/ ഡിസിപ്ലിൻ /കോഴ്സ് എന്നിവയടങ്ങിയ വിശദമായ പട്ടിക ക്രോഡീകരിച്ച് ബന്ധപ്പെട്ട പി എച്ച് ഡി അക്കാദമിക് സെക്ഷനുകൾ **ഇബി 9 സെക്ഷന്** യഥാസമയം നൽകേണ്ടതാണ്.
4. ഗവേഷണ കേന്ദ്രമേധാവികൾ നേരിട്ട് പരീക്ഷ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കേണ്ടതാണ്. പരീക്ഷാ ദിവസം തന്നെ അബ്സെന്റീ സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് എസി എ15 സെക്ഷന്റെ ഇമെയിൽ വിലാസത്തിൽ (aca15@mgu.ac.in) അയക്കാൻ ഗവേഷണ കേന്ദ്രമേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.
5. പരീക്ഷ അവസാനിച്ച് 10 ദിവസത്തിനകം കോഴ്സ് 1,2,4- ന്റെ ഉത്തരക്കടലാസുകൾ ചോദ്യ പേപ്പർ കോഡ് തിരിച്ച് പാക്ക് ചെയ്ത് ഇ എൻ 1 സെക്ഷനിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഗവേഷണ കേന്ദ്രമേധാവികൾ സ്വീകരിക്കേണ്ടതാണ്.
6. നിലവിൽ തുടർന്ന് വരുന്ന രീതിയിൽ ഇഎൻ 1 സെക്ഷൻ മുഖാന്തരം മൂല്യനിർണയ ജോലികൾ പൂർത്തീകരിക്കേണ്ടതാണ്.
7. ബന്ധപ്പെട്ട പി എച്ച് ഡി അക്കാദമിക് സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ ടാബുലേഷൻ, അറ്റന്റൻസ് രേഖപ്പെടുത്തൽ എന്നീ ജോലികൾ അതത് സെക്ഷനുകൾക്ക് നൽകുന്ന രീതിയിൽ പുനഃക്രമീകരിക്കേണ്ടതാണ്.
8. പരീക്ഷാഫല വിജ്ഞാപനം, പുനർമ്മൂല്യനിർണ്ണയം എന്നീ ജോലികൾ എസി എ 15 സെക്ഷൻ തന്നെ

തുടർന്നും നിർവ്വഹിക്കേണ്ടതാണ്.

മേൽ ശിപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഗവേഷണ കേന്ദ്ര മേധാവികൾ
2. വൈസ് ചാൻസലറുടെ പി എസ് / രജിസ്ട്രാറുടെ പി എ / പരീക്ഷാ കോൺട്രോളറുടെ പി എ
3. ഡയറക്ടർ ഓഫ് റിസർച്ച്
4. ജോയിന്റ് രജിസ്ട്രാർ II (ഭരണ വിഭാഗം)/ ഡെപ്യൂട്ടി രജിസ്ട്രാർ I(അക്കാദമിക്)/ അസിസ്റ്റന്റ് രജിസ്ട്രാർ IV (അക്കാദമിക് )
5. ഡെപ്യൂട്ടി രജിസ്ട്രാർ V (എക്സാം )/ ഡെപ്യൂട്ടി രജിസ്ട്രാർ VIII (എക്സാം)/ അസിസ്റ്റന്റ് രജിസ്ട്രാർ XVIII (എക്സാം)/
6. ഇ ബി IX / ഇ എൻ I /എസി എ II, VI, X, XI, XIII & XIV സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

The document is digitally approved. Hence signature is not needed.

Draft #2 of File 99160/ACA15 SO/2025/AC A15 Approved by ASSISTANT REGISTRAR IV (ACADEMIC) on 27-Mar-2026 08:30 PM - Page 2